# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM 04/1254/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 21/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (AIMS മുഖേന)
2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മിഷണർ (ജനറൽ ),മലപ്പുറം
3)കാര്യാലയ പകർപ്പ്

നമ്പർ: KSAMPM 04/1254/2022 തീയ്യതി: 21/06/2022

## മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 31-07-2020 മുതൽ 18-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സൈമൺ. കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 19-05-2022 | 30-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-05-2022 | 30-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.അബ്ദുള്ള.എ.സി , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2.ശ്രീ.മുഹമ്മദ് ഫസലുറഹ്മാൻ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ശ്രീ.യൂസഫ്.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4.ശ്രീമതി.സുജാത.എം, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സലീന ടീച്ചർ | പ്രസിഡന്റ് | 01-04-2020 | 05-11-2020 |
| കാര്യനിർവ്വഹണ സമിതി | പ്രസിഡന്റ് | 06-11-2020 | 21-12-2020 |
| ശ്രീ.അബ്ദു റഹിമാൻ കാരാട്ട് | പ്രസിഡന്റ് | 22-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി.നിർമ്മല.ടി | സെക്രട്ടറി | 01-04-2020 | 05-02-2021 |
| ശ്രീ.സുനിൽ കുമാർ.കെ.എം | സെക്രട്ടറി | 06-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽദാസ്.കെ.ടി | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 21-02-2021 |
| ശ്രീമതി.നീന.എൽ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 22-02-2021 | 31-03-2021 |
| ശ്രീമതി.മിനിമോൾ.എൻ | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.മിനി ചിത്രംപള്ളി | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സുബൈദ.കെ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.യശോദ.പി | സി.ഡി.പി.ഒ(റൂറൽ) | 01-04-2020 | 31-05-2020 |
| ശ്രീമതി.സുജിത.എസ് | സി.ഡി.പി.ഒ(റൂറൽ) | 01-06-2020 | 05-01-2021 |
| ശ്രീമതി.ഇന്ദിര.വി | സി.ഡി.പി.ഒ(റൂറൽ) | 06-01-2021 | 31-03-2021 |
| ശ്രീമതി.നസീമ.കെ | ക്ഷീര വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.മേരി ജോൺ | ശിശു വികസന പദ്ധതി ഓഫീസർ ,അഡീഷണൽ | 01-04-2020 | 31-03-2021 |
| ഡോ.അലിയാമു.ടി.കെ | മെഡിക്കൽ ഓഫീസർ ( CHC പൂക്കോട്ടൂർ) | 01-04-2020 | 31-03-2021 |
| ശ്രീമതി.റോസിലി മാത്യു | കൃഷി അസി.ഡയറക്ടർ | 01-04-2020 | 31-05-2020 |
| ശ്രീ.ജെയ്സൽ ബാബു.എൻ | കൃഷി അസി.ഡയറക്ടർ | 01-06-2020 | 16-06-2020 |
| ശ്രീ.ജോർജ് വി തോമസ് | കൃഷി അസി.ഡയറക്ടർ | 17-06-2020 | 18-06-2020 |
| ശ്രീമതി.മോളി ശശികല.കെ | കൃഷി അസി.ഡയറക്ടർ | 19-06-2020 | 17-09-2020 |
| ശ്രീ.ജെയ്സൽ ബാബു.എൻ | കൃഷി അസി.ഡയറക്ടർ | 18-09-2020 | 03-11-2020 |
| ശ്രീ.ജോർജ് വി തോമസ് | കൃഷി അസി.ഡയറക്ടർ | 04-11-2020 | 02-12-2020 |
| ശ്രീ.മാത്യൂസ് കോശി | കൃഷി അസി.ഡയറക്ടർ | 03-12-2020 | 29-12-2020 |
| ശ്രീ.ജോർജ് വി തോമസ് | കൃഷി അസി.ഡയറക്ടർ | 30-12-2020 | 04-03-2021 |
| ശ്രീ.ജോർജ് തോമസ് | കൃഷി അസി.ഡയറക്ടർ | 05-03-2021 | 31-03-2021 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Sujatha M (Auditor, On 22-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Sujatha M (Auditor, On 22-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Sujatha M (Auditor, On 22-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Sujatha M (Auditor, On 22-05-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Sujatha M (Auditor, On 22-05-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Sujatha M (Auditor, On 22-05-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Yousuf.P (Asst. Audit Officer, On 31-05-2022)<br>Last Updated By: Yousuf.P (Asst. Audit Officer, On 31-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Sujatha M (Auditor, On 22-05-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 31-05-2022)<br>Last Updated By: Yousuf.P (Asst. Audit Officer, On 31-05-2022) | 1-11 |
| 12 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണം - സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പാക്കി.<br>Written By: A.C.Abdulla (Audit Officer, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-12 |
| 13 | നവജാഗരൺ- സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പാക്കി.<br>Written By: A.C.Abdulla (Audit Officer, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-13 |
| 14 | കെട്ടിടം ഉപയോഗപ്പെടുത്തുന്നില്ല.<br>Written By: A.C.Abdulla (Audit Officer, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-14 |
| 15 | ഇ ടെണ്ടർ - ടെണ്ടർ ഫീ ബ്ലോക്ക് ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 31-05-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-05-2022) | 1-15 |
| 16 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-16 |
| 17 | മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-17 |
| 18 | ഷി ടോയ്‌ലെറ്റ് & ഷി സെന്റർ നിർമാണം - ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാൻ അനുമതിയില്ലാത്ത പ്രൊജക്റ്റ് നടപ്പാക്കി<br>Written By: Muhammed Fasalurahman (Asst. Audit Officer, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-18 |

| | | |
|---|---|---|
| 19 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: Muhammed Fasalurahman (Asst. Audit Officer, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-19 |
| 20 | ബാലമിത്ര - സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പാക്കി.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 21-06-2022) | 1-20 |
| 21 | പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ ഗുണഭോക്തൃ പ്രൊജക്റ്റുകൾ -നടത്തിപ്പ്<br>Written By: Muhammed Fasalurahman (Asst. Audit Officer, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-21 |
| 22 | ഉണർവ്വ് പ്രൊജക്റ്റ് - ലോൺ അനുവദിച്ചതിന്റെ രേഖ ലഭ്യമല്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-22 |
| 23 | ആർട്ട്കോ മുഖേന നടപ്പിലാക്കിയ ബാലമിത്ര പ്രൊജക്റ്റ് നടത്തിപ്പിലെ അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-23 |
| 24 | മരുന്ന് വാങ്ങി നൽകൽ -അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Sujatha M (Auditor, On 22-05-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Yousuf.P (Asst. Audit Officer, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Sujatha M (Auditor, On 22-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Sujatha M (Auditor, On 22-05-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Sujatha M (Auditor, On 22-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Sujatha M (Auditor, On 22-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Sakeena K (Auditor, On 05-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Sujatha M (Auditor, On 22-05-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ<br>Written By: Sujatha M (Auditor, On 22-05-2022)<br>Last Updated By: Unni.P (Deputy Director, On 21-06-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1 (1)/26-03-2020 | 5(1)/19-02-2021 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.07.2021 | 06.07.2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8771089 |
| വരവ് | 66154253 |
| ആകെ | 74925342 |
| ചെലവ് | 70288315 |
| നീക്കിയിരിപ്പ് | 4637027 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 33328066 | 33328066 | 33328066 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 00 | 9365000 | 9365000 | 9365000 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 00 | 314000 | 314000 | 00 | 314000 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 00 | 5818549 | 5818549 | 4963544 | 855005 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് | 00 | 6260000 | 6260000 | 5159963 | 1100037 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺ ടൈഡ് | 00 | 6260000 | 6260000 | 5537008 | 722992 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 2020-21 | 103 | 82156842 | 78 | 59030364 | 0 | 25 | 75.72 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.05.2022 ന് 10.30ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. മുൻ ദിവസങ്ങളിലെ കളക്ഷൻ ബാങ്കിൽ അടവാക്കിയതായി പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണവിവരം ചേർത്ത് എഴുതി സൂക്ഷിച്ചിട്ടില്ല.
2.സെക്രട്ടറി പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
3.പ്രൊജക്ട് ഫയലുകളിൽ എല്ലാ രേഖകളും ചേർത്ത് വച്ച് പൂർണ്ണമാക്കി സൂക്ഷിക്കുന്നില്ല.
4.ഡെപ്പോസിറ്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററുകൾ പൂർണ്ണവിവരം ചേർത്ത് സൂക്ഷിക്കുന്നില്ല.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ്(എ.ഡി.സി) | 29.07.2021 മുതൽ 10.08.2021 വരെ | 2019 -20, 2020-21 | 23-09-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.11.2013 | 2008-09 മുതൽ 2012-13 വരെ | 02-01-2014 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1).2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2). വാടക - ഡിമാന്റ് (കുടിശ്ശിക) , ബാലൻസ് (കുടിശ്ശിക) എന്നിവ വാടക രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | ബാലൻസ് |
|---|---|---|
| | കുടിശ്ശിക | കുടിശ്ശിക |
| രജിസ്റ്റർ | 135700 | 56700 |
| വാർഷിക കണക്ക് | 151510 | 72510 |

3). Stock In Hand ഷെഡ്യൂൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

4). RP-47ഷെഡ്യൂൾ പ്രകാരം തൻവർഷം 707663 രൂപ മുൻകൂർ നൽകുകയും 144475 രൂപ തിരികെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. B-18 ഷെഡ്യൂൾ പ്രകാരം 2018843 രൂപയുടെ മുൻകൂർ ക്രമീകരിക്കാനുണ്ട്. ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ കൃത്യതയോടെയും പൂർണ്ണ വിശദാംശങ്ങൾ സഹിതവും വിവരം ചേർത്തിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. മാത്രമല്ല, 2019-20 B-18 ഷെഡ്യൂൾ പ്രകാരം തിരികെ ലഭിക്കാനുള്ള 13,21,905 രൂപയും തൻ വർഷം നൽകിയ 707663 രൂപയും ചേർന്ന 2029568 രൂപയിൽ നിന്ന് തൻവർഷം തിരികെ ലഭിച്ച 144475 രൂപ കുറവ് ചെയ്താൽ 18,85,093 രൂപയാണ് വരുന്നത്. എന്നാൽ B-18 ഷെഡ്യൂൾ പ്രകാരം 2018843 രൂപയാണ് ബാലൻസ്.

5). B-7 പ്രകാരം 539649 രൂപയുടെ ഡെപ്പോസിറ്റ് ബാധ്യതയുണ്ട്. RP-34 ഷെഡ്യൂൾ പ്രകാരം തൻവർഷം 246380 രൂപയുടെ ഡെപ്പോസിറ്റ് സ്വീകരിക്കുകയും 192384 രൂപയുടെ ഡെപ്പോസിറ്റ് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

6) RP-38ഷെഡ്യൂൾ പ്രകാരം തൻവർഷം 1766978 ചെലവഴിച്ച് ആസ്തി സൃഷ്ടിച്ചിട്ടുണ്ട്. B-11 പ്രകാരം 30066970 (After Depreciation) രൂപ മൂല്യമുള്ള ആസ്തികളുണ്ട്. ആസ്തി രജിസ്റ്റർ പൂർണ്ണ വിവരം ചേർത്ത് കാലികമാക്കിയിട്ടില്ല. കൃത്യത പരിശോധിക്കാനായിട്ടില്ല.

7) ഡിപ്രീസിയേഷൻ കണക്കാക്കിയ കാൽക്കുലേഷൻ ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

8). 2019-20 വാർഷിക കണക്ക് അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-12 ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണം - സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പാക്കി.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 2019-20 , 20-21 വർഷങ്ങളിലായി നടപ്പാക്കിയ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണം - സിഡ്കോ ക്ക് വിഹിതം നൽകൽ എന്ന പ്രൊജക്റ്റ് ( 75/21 ) പ്രകാരം ആകെ ₹ 2817628 ചെലവ് ചെയ്തിട്ടുണ്ട്.

വിശദ വിവരം താഴെ നൽകുന്നു.

പ്രൊജക്റ്റ് നം - 83/20, 75/21

കരാർ - 2/18-19 Dt 08.03.2019

ചെലവ്

1095854 ( Vr No )

1112648 (Bill No- 20150163000600054491/ 11.04.2020 )

293698 (Bill No- 20150163000600935988/ 13.01.2021 )

315428 (Bill No- 20150163000601097984/ 17.02.2021 )

പ്രൊജക്റ്റ് നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി

1) സർക്കാർ ഉത്തരവിന് വിരുദ്ധമായി സിഡ്കോ മുഖേന പ്രൊജക്റ്റ് നടപ്പാക്കി.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 22.06.2018 ലെ GO(RT) 1696/2018/LSGD നം ഉത്തരവ് പ്രകാരം ഡിഡ്കോയുടെ ചെറുകിട യൂനിറ്റുകളിൽ ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വാങ്ങുന്നതിനും ഫർണിഷിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനും സിഡ്കോ യെ ഒരു നോഡൽ ഏജൻസിയായാണ് അംഗീകരിച്ചത്.

ഒരു സ്ഥാപനത്തെ നോഡൽ ഏജൻസിയായി അംഗീകരിക്കുന്നത് ആസ്ഥാപനത്തിന് നേരിട്ട് ടെണ്ടർ ഇല്ലാതെ പ്രവൃത്തി നടത്തുന്നതിനുള്ള അനുമതിയല്ല. നോഡൽ ഏജൻസിയായി അംഗീകരിക്കപ്പെട്ട മേഖലയിലെ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ സാങ്കേതിക സഹായം നൽകുന്ന ഏജൻസികളാണ് നോഡൽ ഏജൻസികൾ.

സർക്കാർ ഉത്തരവ് മുഖേന അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങൾക്ക് മാത്രമെ ടെണ്ടർ ഇല്ലാതെ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാനാകൂ. സിഡ്കോ യെ അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ അംഗീകരിച്ചത് GO(P) No 77/2019/Fin Dt 04.07.2019 നം ഉത്തരവ് മുഖേനയാണ്. ഈ ഉത്തരവ് പ്രകാരം സിഡ്കോ ക്ക് PMC ( Project Management Consultant ) എന്ന നിലക്ക് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. PMC എന്ന നിലയിൽ അംഗീകാരം ലഭിച്ച സ്ഥാപനങ്ങൾക്ക് പ്രവൃത്തി നേരിട്ട് നടപ്പാക്കുന്നതിന് അനുമതിയും ഇല്ല എന്നതും ശ്രദ്ധേയമാണ്.

ബ്ലോക്ക് പഞ്ചായത്ത് കരാർ ചമക്കുന്ന സമയത്ത് ഫർണിഷിംഗ് പ്രവൃത്തികളുടെ നോഡൽ ഏജൻസിയായും സിഡ്കോ മുഖേന ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിതരണം ചെയ്യുന്നതിനുമുള്ള അനുമതി മാത്രമാണ് സിഡ്കോക്ക് ഉള്ളത്.

എന്നാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ഫർണിഷിംഗ് പ്രവൃത്തി ടെണ്ടർ ഇല്ലാതെ സിഡ്കോ മുഖേന നടപ്പാക്കി.

2) സിഡ്കോ യൂനിറ്റുകൾ ഉൽപാദിപ്പിക്കുന്നതല്ലാത്ത ഉൽപന്നങ്ങൾ ടെണ്ടർ ഇല്ലാതെ സിഡ്കോ യിൽ നിന്ന് വാങ്ങി.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 22.06.2018 ലെ GO(RT) 1696/2018/LSGD നം ഉത്തരവ് പ്രകാരം ഡിഡ്കോയുടെ ചെറുകിട യൂനിറ്റുകളിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിതരണം ചെയ്യുന്നതിനാണ് സിഡ്കോക്ക് അനുമതി നല്കിയിട്ടുള്ളത്.

എന്നാൽ മേൽ പ്രൊജക്റ്റ് പ്രകാരം സിഡ്കോ വിതരണം ചെയ്ത ചെയർ, സൗണ്ട് സിസ്റ്റം തുടങ്ങിയ ഉൽപന്നങ്ങൾ സിഡ്കോ യൂനിറ്റുകൾ ഉത്പാദിപ്പിച്ചവയല്ല എന്നാണ് ഓഡിറ്റിന് വ്യക്തമായത്.

ഇത്തരത്തിൽ വിതരണം ചെയ്യുന്ന ഉൽപന്നങ്ങൾ സിഡ്കോ യൂനിറ്റുകൾ ഉത്പാദിപ്പിക്കുന്നവയാണ് എന്ന സാക്ഷ്യപത്രം ബില്ലിൽ രേഖപ്പെടുത്തേണ്ടതുണ്ട്. അത്തരത്തിൽ സാക്ഷ്യപത്രം സിഡ്കോയുടെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ നൽകിയിട്ടില്ല.

സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊജക്റ്റ് നപ്പാക്കിയതിലെ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/25-05-2022) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കാത്തതിനാൽ 20-21 വർഷത്തെ ചെലവ് ₹1721774 തടസ്സം ചെയ്യുന്നു.

## 1-13 നവജാഗരൺ- സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പാക്കി.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 2019-20, 2020-21 വർഷങ്ങളിലായി നടപ്പാക്കിയ നവജാഗരൺ (76/21) പ്രൊജക്ടിൽ ഉൾപ്പെടുത്തി ബ്ലോക്ക് പരിധിയിലെ വിവിധ സർക്കാർ സ്കൂളുകളിൽ ക്ലാസ്സ്മുറികൾ ഹൈടെക്ക് ആക്കുന്നതിന് ₹ 3717314ചെലവഴിച്ചിട്ടുണ്ട്.

₹ 517342 - 20150163000600010232/ 11.04.2020

₹ 799972- 20150163000600010227/ 11.04.2020

₹ 1600000 - 201501630006000678329/ 02.11.2020

₹ 800000 - 201501630006000463753/ 24.08.2020

സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ ആർട്ട്കോ മുഖേനയാണ് പ്രവൃത്തി നടപ്പാക്കിയത്.

പ്രൊജക്ട് രേഖകൾ പരിശോധിച്ചതിൽ പ്രൊജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ചുള്ള സർക്കാർ ഉത്തവുകൾ ( GO(P) 118/2018/Fin Dt 03.08.2018, GO(P) 77/2019/Fin Dt 04.07.2019 ) അനുസരിച്ച് സർക്കാർ അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ , സാങ്കേതികാനുമതി നൽകൽ എന്നിവ പ്രസ്തുത അക്രഡിറ്റഡ് ഏജൻസിയുടെ ചുമതലയാണ്. കൂടാതെ പ്രവൃത്തി നടത്തുന്ന ഏജൻസികൾ PWD മാന്വലിലെ നിബന്ധനകൾ പാലിക്കുകയും ചെയ്യണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ പ്രൊജക്ട് പ്രകാരം നടപ്പാക്കിയ പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് അക്രഡിറ്റഡ് ഏജൻസി തയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും നല്കിയിട്ടില്ല. പ്രവൃത്തികൾക്ക് ആർട്കോ നിരക്ക് നിശ്ചയിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്നതും വ്യക്തമാക്കിയിട്ടില്ല. ഇക്കാരണത്താൽത്തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് സർക്കാർ നിർദ്ദേശമനുസരിച്ചാണോ എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) മരാമത്ത് പ്രവൃത്തി നടത്തുന്ന കരാറുകാരിൽ നിന്ന് ഈടാക്കേണ്ട സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല.

പ്രവൃത്തിനടത്തുന്നതിന് പണം നൽകിയ ആർട്ട്കോ സെക്യരിറ്റി ഡെപ്പോസിറ്റ് നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3) പ്രവൃത്തി നടത്തിയതിന്റെ വിവരം ലഭ്യമല്ല.

ആർട്ട്കോ നൽകിയ ബില്ല് അല്ലാതെ പ്രവൃത്തി നടത്തിയതിന്റെ അളവ് രേഖപ്പെടുത്തി ബില്ല് തയ്യാറാക്കിയിട്ടില്ല. നിശ്ചിത ഗുണനിലവാരപ്രകാരം നടത്തിയോ എന്നത് നിർവഹണോദ്യോഗസ്ഥനോ മറ്റ് ഏതെങ്കിലും ക്ഷമതയുള്ള ഉദ്യോഗസ്ഥരോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) അനുമതിയില്ലാത്ത സാധനങ്ങൾ ARTCO വിതരണം ചെയ്തു.

ആർട്ട്കോ യെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച ധനകാര്യ വകുപ്പിന്റെ ഉത്തരവുപ്രകാരം ഇന്റീരിയർ പ്രവൃത്തികൾ ചെയ്യുന്നതിനാണ് ARTCOയെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടുള്ളത്. ഇലക്ട്രിക് ഉപകരണങ്ങൾ ഉൾപ്പെടെ മറ്റ് ഉപകരണങ്ങൾ ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി ARTCO അംഗീകരിക്കപ്പെട്ടിട്ടില്ല. എന്നാൽ AC, Fan, Sound System തുടങ്ങിയ ഇലക്ട്രിക് ഉപകരണങ്ങളും , മേശ, കസേര, ബെഞ്ച്, ഡെസ്ക് തുടങ്ങിയ ക്ലാസ്സ്റൂം ഉത്പന്നങ്ങളും ടെണ്ടർ കൂടാതെ ARTCO വിതരണം ചെയ്തിട്ടുണ്ട്.

5) ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങിയതിന്റെ രേഖകൾ ഇല്ല.

ARTCO ഉത്പാദിപ്പിക്കുന്നതല്ലാത്ത AC, Fan തുടങ്ങിയ ഇലക്ട്രിക് ഉപകരണങ്ങളുടെ വിതരണം നടത്തിയതിന് ഈ പ്രൊജക്ട് പ്രകാരം പണം നൽകിയിട്ടുണ്ട്. എന്നാൽ ഈ ഉപകരണങ്ങൾ വാങ്ങിയതിന്റെ ബില്ല്, ഗ്യാരണ്ടി/ വാറണ്ടി രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമായില്ല. കൂടാതെ ഇവ സ്ഥാപിച്ചതിന്റെയും സ്റ്റോക്കിൽ എടുത്തതിന്റെയും രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊജക്ട് നപ്പാക്കിയതിലെ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/28-05-2022) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കാത്തതിനാൽ 20-21 വർഷത്തെ ചെലവ് ₹3717314 തടസ്സം ചെയ്യുന്നു.

## 1-14 കെട്ടിടം ഉപയോഗപ്പെടുത്തുന്നില്ല.

മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിന് വേണ്ടി ₹ 1143290 ചെലവഴിച്ച് ( 18150163021701013447/31.12.2018 ₹579937, 19150163002170003 2452/ 05.04.2019 ₹ 563353, നിർമ്മിച്ച കെട്ടിടം നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. കെട്ടിടം ഉപയോഗപ്പെടുത്തുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.(എൻക്വയറി നം.18/30-05-2022)

## 1-15 ഇ ടെണ്ടർ - ടെണ്ടർ ഫീ ബ്ലോക്ക് ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല.

2020-21 വർഷത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, അസിസ്റ്റന്റ് എഞ്ചിനിയർ എന്നിവർ നടപ്പാക്കുന്ന വിവിധ പ്രവൃത്തികൾ ഇ ടെണ്ടർ മുഖേനയാണ് ടെണ്ടർ ചെയ്തിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല. ഈ തുക LSGD മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണ് വരവ് വന്നത് എന്നും തുക ലഭിക്കുന്നതിന് കത്ത് നൽകി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

LSGD Sub Division, Malappurum Block Pt എന്ന പേരിൽ മലപ്പുറം ജില്ലാ ട്രഷറിയിൽ ഉള്ള 799011400003147 നമ്പർ Special TSB അക്കൗണ്ടിൽ 22.05.2022 ന് ₹ 629 യും അസിസ്റ്റന്റ് എക്സി. എഞ്ചിനിയരുടെ പേരിൽ മലപ്പുറം എസ്.ബി.ഐ ശാഖയിലുള്ള 38071645015 നമ്പർ അക്കൗണ്ടിൽ 07.02.2022 ന് ₹ 159317 യും അവശേഷിക്കുന്നതായി വ്യക്തമായി.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക , ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD

എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്. AEE യുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു എങ്കിലും ട്രഷറി, ബാങ്ക് അക്കൗണ്ടുകളിലെ വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽത്തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല.

ഓഫീസ് പ്രവർത്തനത്തിന് അനുവദിച്ച തുകയിൽ ചെലവഴിക്കാതെ ബാക്കി വന്നതുകയാണ് ട്രഷറി അക്കൗണ്ടിൽ ഉള്ളത് എന്നും ബാങ്ക് അക്കൗണ്ടിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ഇ ടെണ്ട് ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫാ ഇനത്തിൽ ലഭിച്ച തുകയുമാണ് അവശേഷിക്കുന്നത് എന്നുമാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (10/26-05-2022) മറുപടി ലഭ്യമാക്കിയത്. അക്കൗണ്ടിൽ അവശേഷിക്കുന്ന തുക അർഹരായവർക്ക് നൽകി വിവരം അറിയിക്കേണ്ടതും , വരവ് ചെലവ് വിവരങ്ങൾ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി.

പദ്ധതി മാർഗ്ഗരേഖ ഉത്തരവ് ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയില്ലുള്ള റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെയാകണമെന്നും ഇത്തരത്തിലുള്ള റോഡുകൾക്ക് ചുരുങ്ങിയത് 6 മീറ്ററെങ്കിലും വീതിയുണ്ടാകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ 20-21 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികൾ മേൽ നിബന്ധന പാലിക്കുന്നില്ല എന്ന് വ്യക്തമായി.

വിശദവിവരം താഴെ നൽകുന്നു.

| പ്രൊജക്റ്റ് | ചെലവ് | കുറിപ്പ് |
|---|---|---|
| അത്താണിക്കൽ മണ്ണാരക്കൽ എസ്.സി കോളനി റോഡ് പുനരുദ്ധാരണം-പൂക്കോട്ടൂർ പഞ്ചായത്ത് (51/21) | 369214 | ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം റോഡിന്റെ വീതി 3 മീറ്റർ മാത്രമെ ഉള്ളൂ. |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(9/26-05-2022) എസ്.കോളനിയിലെ പ്രവൃത്തി ആയതിനാലാണ് വീതി കുറവുള്ള റോഡ് പ്രവൃത്തി ഏറ്റെടുത്തത് എന്നാണ് മറുപടി ലഭ്യമാക്കിയത്. എസ്.സി കോളനിയിലെ റോഡ് പ്രവൃത്തിയാണെങ്കിലും ബ്ലോക്ക് പഞ്ചായത്തിന് റോഡ് പ്രവൃത്തികൾ ഏറ്റെടുക്കണമെങ്കിൽ 6 മീറ്റർ വീതി ഉണ്ടായിരിക്കണം എന്നാണ് പദ്ധതി മാർഗ്ഗരേഖയിൽ നിന്ന് വ്യക്തമാകുന്നത്.

പദ്ധതി നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പൂർണ്ണമായി പാലിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ഷി ടോയ്‌ലറ്റ് & ഷി സെന്റർ നിർമാണം - ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാൻ അനുമതിയില്ലാത്ത പ്രൊജക്റ്റ് നടപ്പാക്കി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി 2018-19 വർഷത്തിൽ അംഗീകാരം ലഭിച്ച ഷി ടോയ്‌ലറ്റ് & ഷി സെന്റർ നിർമാണം എന്ന പ്രൊജക്റ്റ് 2019-20 , 20-21 വർഷങ്ങളിലായി നടപ്പാക്കിയിട്ടുണ്ട്. പ്രൊജക്റ്റ് പ്രകാരം 4 സർക്കാർ സ്കൂളുകളിലും 4 എയ്ഡഡ് സ്കൂളുകളിലും ടോയ്‌ലറ്റ് നിർമ്മിച്ച നൽകുകയാണ് ചെയ്തത്.

വിശദ വിവരം താഴെ നൽകുന്നു

| പ്രൊജക്റ്റ് | അടങ്കൽ | കുറിപ്പ് |
|---|---|---|
| ഷി ടോയ്‌ലറ്റ് & ഷി സെന്റർ (31/19, ) | 3301390 (Revised) | നിർവഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ<br>സാങ്കേതികാനുമതി- 4401500<br>101322/2018-19 Dt 04.12.2018<br>കരാറുകാരൻ - ശ്രീ മുഹമ്മദ് അഷ്റഫ് കെ<br>കരാർ - കരാർ ചമച്ചിട്ടില്ല.<br>കരാർ തുക - ₹<br>ചെലവ് - ₹ 2753776 ( 1360209 (2019-20) ₹ 1393567 (22000450/11.04.2020)<br>പ്രൊജക്റ്റ് നടപ്പാക്കിയ സ്ഥാപനങ്ങൾ.<br>GUPS അരിമ്പ്ര, GMLPS മറ്റത്തൂർ, GMLPS പന്തല്ലൂർ, GMLPS പൂക്കോട്ടൂർ, AUPS പെരിമ്പലം (ആനക്കയം ), AMLPS പൂവാട് , AMLPS ചേങ്ങോട്ടൂർ (പൊൻമള), AMUPS ഉമ്മത്തൂർ (കോഡൂർ) |

ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ മേൽ പ്രൊജക്റ്റിന്റെ രേഖകൾ പരിശോധിച്ചതിൽ പ്രൊജക്റ്റ് തയ്യാറാക്കിയതിലും നടപ്പാക്കിയതിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാൻ അനുമതിയില്ലാത്ത പ്രൊജക്റ്റ് തയ്യാറാക്കി നടപ്പാക്കി .

കേരള പഞ്ചായത്ത് രാജ് നിയമം നാലാം പട്ടിക പ്രകാരം വിദ്യാഭ്യാസ മേഖലയിൽ സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ് മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉള്ളത്. സ്കൂളുകൾ ഒന്നും തന്നെ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലല്ല. നിയമ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയില്ലലാത്ത മേഖലയിൽ ഫണ്ട് ചെലവഴിക്കുന്നതിന് സർക്കാറിന്റെ അനുമതി ആവശ്യമാണ്.

ഈ കാലയളവിലേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗവർമെന്റ് സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്നാണ് പറയുന്നത്.

ഗ്രാമ, ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലെ പശ്ചാത്തല വികസന പ്രൊജക്ടുകൾ അവയുടെ സമ്മതത്തോടെ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാം എന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ സ്കൂളുകൾ മാത്രമാണ് ഇത്തരത്തിൽ ഗ്രാമ, ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ളത്. ആയതിനാൽ തന്നെ സർക്കാർ സ്കൂളുകളുടെ പശ്ചാത്തല വികസന പ്രൊജക്ടുകൾ മാത്രമെ മേൽ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാനാവൂ. സർക്കാർ സ്കൂളുകൾ അല്ലാത്ത എയ്ഡഡ് സ്കൂളുകളിൽ ബ്ലോക്ക് പഞ്ചായത്തിന് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ അത്തരത്തിൽ ഒരു അനുമതിയില്ലാതെയാണ് ബ്ലോക്ക് പഞ്ചായത്ത് ഈ പ്രൊജക്റ്റ് നടപ്പാക്കിയത്.

2) ടോയ്‌ലറ്റ് ആവശ്യകത സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല .

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ സ്കൂളുകളിൽ ടോയ്റ്റ് സൗകര്യം ഒരുക്കുന്നതിന് 44 ലക്ഷത്തോളം രൂപ ചെലവഴിച്ച് പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ ബ്ലോക്ക് പ്രദേശത്തെ ഓരോ സ്കൂളുകളെയും സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തി അവയുടെ ആവശ്യകത നിർണയിക്കേണ്ടതായിരുന്നു. ഇത്തരത്തിൽ ഒരു വിവര ശേഖരണം നടത്തിയിട്ടില്ല.

ഇത്തരത്തിൽ പഠനം നടത്താതെ ഓരോ സ്കൂളിന്റെയും ആവശ്യകത നിർണ്ണയിച്ചത് എങ്ങനെയാണ് എന്ന് വ്യക്തമല്ല.

3) സർക്കാർ സ്കൂളുകളിലെ സൗകര്യങ്ങൾ പര്യാപ്തമാണ് എന്ന സാക്ഷ്യപത്രം ഇല്ല .

മുഴുവൻ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം മാത്രം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാനാണ് മാർഗ്ഗരേഖ പ്രകാരം സർക്കാർ അനുമതി ഉള്ളത്.

എന്നാൽ ഇവിടെ ബ്ലോക്ക് പഞ്ചായത്ത് പ്രൊജക്റ്റ് തയ്യാറാക്കുന്നതിന് മുമ്പ് ബ്ലോക്ക് പ്രദേശത്തെ എല്ലാ സർക്കാർ സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിനാനുപാതികമായി മേൽ പറയുന്ന എല്ലാ സൗകര്യങ്ങളും ഉണ്ടോ എന്ന് പരിശോധന നടത്തിസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഏതാനും സ്കൂളുകളിലെ സാക്ഷ്യപത്രം ലഭ്യമാക്കിയത് ശരിയായ മാതൃകയിൽ അല്ല.

4) എയ്ഡഡ് സ്കൂളുകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല .

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വളരെയധികം എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നതിൽ നിന്ന് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകുന്നതിന് നാല് സ്കൂളുകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണ് എന്നത് ഫയലിൽ നിന്ന് വ്യക്തമല്ല. ഇത്തരത്തിൽ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതിന് അടിസ്ഥാനമാക്കിയ മാനദണ്ഡം സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (4/23-05-2022) മറുപടി ലഭ്യമാക്കിയതിൽ സർക്കാർ നിർദ്ദേശപ്രകാരം സർക്കാർ സ്കൂളുകളിൽ ആവശ്യത്തിന് സൗകര്യം ഉണ്ട് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പ്രൊജക്റ്റ് നടപ്പാക്കിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ പ്രസ്തുത മറുപടികൾ സാധൂകരിക്കുന്നതിനുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന് നടപ്പാക്കാൻ അനുമതിയില്ലാത്ത എയ്ഡഡ് സ്കൂളുകളിൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ടോയ്‌ലറ്റ് നിർമ്മിച്ച് നൽകിയത് അംഗീകരിക്കാനാവില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവിന് സർക്കാറിൽനിന്ന് സാധൂകരണം ലഭ്യമാക്കുന്നത്‌വരെ ഈ വർഷത്തെ ചെലവ് ₹1393567 തടസ്സം ചെയ്യുന്നു.

## 1-19 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനിയറിംഗ് വിഭാഗം 2020-21 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പ്രവൃത്തികൾ - പുരോഗതി

2020-21 വർഷത്തിൽ എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് വിഭാഗം നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 43 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 37 പ്രൊജക്ടുകളിലായി ആകെ 23606639 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 43 | ആകെ അടങ്കൽ | 29159277 |
| നടപ്പിലാക്കിയത് | 37 | ചെലവ് | 23606639 |
| ശതമാനം | 86 | ചെലവ് ശതമാനം | 81 |

II-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ

സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

III) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

IV) രജിസ്റ്റർ സൂക്ഷിപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ എഞ്ചിനിയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

പ്രൊജക്ട് രജിസ്റ്റർ , ടെണ്ടർ ഫോറം ഇഷ്യു രജിസ്റ്റർ, ഇടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ കണ്ടു

1)കാഷ് ബുക്ക്

2020-21 വർഷത്തെ കാഷ് ബുക്ക് എഴുതി പൂർത്തീകരിച്ചിട്ടില്ല. എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടുകളിലെ വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

എല്ലാ വരുവുകളും ചെലവുകളും കാഷ്ബുക്കിൽ എഴുതുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2) സെക്യൂരിറ്റി രജിസ്റ്റർ

സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി, ഡിഫക്റ്റ് ലയബിലിറ്റി കാലയളവ്, സെക്യൂരിറ്റി തിരിച്ച നൽകേണ്ട തിയ്യതി എന്നിങ്ങനെ ആവശ്യമായ എല്ലാ വിവരങ്ങളും ചേർക്കാതെയാണ് രജിസ്റ്റർ എഴുതിയിട്ടുള്ളത്.

V)പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ബാലമിത്ര - സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പാക്കി.

പട്ടികജാതി വികസന ഓഫീസർ നിർവഹണോദ്യോഗസ്ഥനായി 2019-20, 20-21 വർഷങ്ങളിലായി നടപ്പാക്കിയ ബാലമിത്ര ( 101/21) പ്രൊജക്ടിൽ ഉൾപ്പെടുത്തി മൊറയൂർ ഗ്രാമപ്പഞ്ചായത്തിലെ ഗവ പട്ടികജാതി നഴ്സറിസ്കൂൾ ഹൈടെക്ക് ആക്കുന്നതിന് ₹ 550407 ( വൗച്ചർ നം 22000572/ 12.04.2020 ) ആർട്ട്കോ കോഴിക്കോടിന് നൽകിയിട്ടുണ്ട്.

പ്രൊജക്റ്റ് രേഖകൾ പരിശോധിച്ചതിൽ പ്രൊജക്റ്റ് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ചുള്ള സർക്കാർ ഉത്തവുകൾ ( GO(P) 118/2018/Fin Dt 03.08.2018, GO(P) 77/2019/Fin Dt 04.07.2019 ) അനുസരിച്ച് സർക്കാർ അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ , സാങ്കേതികാനുമതി നൽകൽ എന്നിവ പ്രസ്തുത അക്രഡിറ്റഡ് ഏജൻസിയുടെ ചുമതലയാണ്. കൂടാതെ പ്രവൃത്തി നടത്തുന്ന ഏജൻസികൾ PWD മാനുവലിലെ നിബന്ധനകൾ പാലിക്കുകയും ചെയ്യണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ പ്രൊജക്റ്റ് പ്രകാരം നടപ്പാക്കിയ പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് അക്രഡിറ്റഡ് ഏജൻസി തയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും നല്കിയിട്ടില്ല. പ്രവൃത്തികൾക്ക് ആർട്ട്കോ നിരക്ക് നിശ്ചയിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്നതും വ്യക്തമാക്കിയിട്ടില്ല.

2) ആർട്ട്കോയുമായി കരാർ ചമച്ചിട്ടില്ല.

ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച സ്ഥാപനമാണ് ആർട്ട്കോ എങ്കിലും സ്ഥാപനത്തിന് പണം നൽകുമ്പോൾ പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച് ആർട്ട്കോയുമായി കരാർ ചമക്കേണ്ടതായിരുന്നു. അത്തരത്തിൽ കരാർ ചമച്ച രേഖകൾ ഫയലിൽ കാണുന്നില്ല.

3) മരാമത്ത് പ്രവൃത്തി നടത്തുന്ന കരാറുകാരിൽ നിന്ന് ഈടാക്കേണ്ട സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല.

പ്രവൃത്തിനടത്തുന്നതിന് പണം നൽകിയ ആർട്ട്കോ സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4) പ്രവൃത്തി നടത്തിയതിന്റെ വിവരം ലഭ്യമല്ല.

ആർട്ട്കോ നൽകിയ ഒരു പേജുള്ള ഒരു ബില്ല് അല്ലാതെ പ്രവൃത്തി നടത്തിയതിന്റെ അളവ് രേഖപ്പെടുത്തി ബില്ല് തയ്യാറാക്കിയിട്ടില്ല. നിശ്ചിത ഗുണനിലവാരപ്രകാരം നടത്തിയോ എന്നത് നിർവഹണോദ്യോഗസ്ഥനോ മറ്റ് ഏതെങ്കിലും ക്ഷമതയുള്ള ഉദ്യോഗസ്ഥരോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5) ടെണ്ടർ നടപടികൾ പാലിക്കാതെ വാങ്ങൽ നടത്തി.

ആർട്ട്കോ യെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച ധനകാര്യ വകുപ്പിന്റെ ഉത്തരവുപ്രകാരം ഇന്റീരിയർ പ്രവൃത്തികൾ ചെയ്യുന്നതിനാണ് ARTCOയെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടുള്ളത്. ഇലക്ട്രിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി ARTCO അംഗീകരിക്കപ്പെട്ടിട്ടില്ല. എന്നാൽ TV, AC, Fan തുടങ്ങിയ ഇലക്ട്രിക് ഉപകരണങ്ങളുടെ വാങ്ങലും ഈ പ്രൊജക്റ്റ് പ്രകാരം ARTCO മുഖേന ടെണ്ടർ ഇല്ലാതെ നടത്തി.

6) ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങിയതിന്റെ രേഖകൾ ഇല്ല.

ARTCO ഉത്പാദിപ്പിക്കുന്നതല്ലാത്ത TV, AC, Fan തുടങ്ങിയ ഇലക്ട്രിക് ഉപകരണങ്ങളുടെ വിതരണം നടത്തിയതിന് ഈ പ്രൊജക്റ്റ് പ്രകാരം പണം നൽകിയിട്ടുണ്ട്. എന്നാൽ ഈ ഉപകരണങ്ങൾ വാങ്ങിയതിന്റെ ബില്ല്, ഗ്യാരണ്ടി/ വാറണ്ടി രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമായില്ല. കൂടാതെ ഇവ സ്ഥാപിച്ചതിന്റെയും സ്റ്റോക്കിൽ എടുത്തതിന്റെയും രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പാക്കിയത് പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/28-05-2022) നിർവഹണോദ്യോഗസ്ഥ എന്ന നിലയിലെ പരിചയക്കുറവ് മൂലമാണ് അപാകതകൾ സംഭവിച്ചത് എന്നും ARTCo പ്രവൃത്തി നടപ്പാക്കിയതിലെ അപാകതകൾ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി മറുപടി ലഭിക്കുന്നമുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നുമാണ് നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്.
സർക്കാർ ഉത്തരവ് പാലിക്കാതെ പ്രൊജക്റ്റ് നടപ്പാക്കിയതിന് വ്യക്തമായ മറുപടി / സർക്കാർ അനുമതി ലഭ്യമാക്കുന്നത്‌വരെ ചെലവ് ₹ 550407 തടസ്സം ചെയ്യുന്നു.

## 1-21 പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ ഗുണഭോക്തൃ പ്രൊജക്റ്റുകൾ -നടത്തിപ്പ്

പട്ടികജാതി വികസന ഓഫീസർ നിർവഹണം നടത്തിയ രണ്ട് പ്രൊജക്റ്റുകളായ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠന മുറി, എസ്.സി വിദ്യാർത്ഥികളുടെ മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്നീ പ്രൊജക്റ്റുകളുടെ നടത്തിപ്പ് പരിശോധിച്ചതിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ താഴെ പരാമർശിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യക്തിഗത ഗുണഭോക്തൃ പ്രൊജക്റ്റുകൾ നടപ്പാക്കുമ്പോൾ പ്രൊജക്റ്റുകളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളാണ്. ഗ്രാമസഭ മുഖേന തെരഞ്ഞെടുത്ത് അതാത് ഭരണസമിതികൾ അംഗീകരിക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് പദ്ധതി നടപ്പാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകുകയാണ് ചെയ്യേണ്ടത്.

ഇത്തരത്തിൽ വിവിധ പഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തിന് നൽകിയ വിവിധ ഗുണഭോക്തൃ ലിസ്റ്റുകൾ പരിശോധിച്ചതിൽ ലിസ്റ്റുകളിൽ താഴെ പരാമർശിക്കുന്ന അവ്യക്തതകൾ കാണപ്പെട്ടു.

1) എല്ലാ പഞ്ചായത്തുകൾക്കും നടപ്പാക്കാവുന്ന ഇനം പ്രൊജക്റ്റുകളുടെ ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്തുകൾ നൽകുമ്പോൾ ബ്ലോക്ക് പഞ്ചായത്തിന് ശുപാർശ ചെയ്യുന്നവരുടെ പേര് വ്യക്തമാക്കി നൽകുന്നില്ല. ഇക്കാരണത്താൽതന്നെ ഒരേ ഗുണഭോക്താവിന് വിവിധ തലങ്ങളിൽ നിന്ന് ആനുകൂല്യം ലഭിക്കാനുള്ള സാഹചര്യം ഉണ്ടാവാൻ സാധ്യതയുണ്ട്.

2) പഞ്ചായത്തുകൾ നൽകുന്ന ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് ആനുകൂല്യം നൽകിയവരുടെ വിവരം പഞ്ചായത്തിനെ അറിയിച്ചിട്ടില്ല.

3) ഗ്രാമപ്പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ മുൻഗണന പ്രകാരം അല്ല ആനുകൂല്യം നൽകിയിട്ടുള്ളത്. ഇത്തരത്തിൽ പഞ്ചായത്ത് മുൻഗണന നൽകിയ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാത്തതിന് കാരണം രേഖപ്പെടുത്തുകയോ ഈ വിവരം അതാത് ഗ്രാമപ്പഞ്ചായത്തുകളെ അറിയിക്കുകയോ ചെയ്തിട്ടില്ല.

പ്രൊജക്റ്റ് നടപ്പാക്കുമ്പോൾ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
( എൻക്വയറി നം.13/28-05-2022)

## 1-22 ഉണർവ്വ് പ്രൊജക്റ്റ് - ലോൺ അനുവദിച്ചതിന്റെ രേഖ ലഭ്യമല്ല.

2019-20, 20-21 വർഷങ്ങളിൽ IEO നിർവഹണം നടത്തിയ ഉണർവ്വ് (വനിതാ സ്വയം തൊഴിൽ സംരംഭകർക്ക് ധനസഹായം) പ്രൊജക്റ്റിന്റെ ( 92/21 ) ഭാഗമായി രണ്ട് യൂനിറ്റുകൾക്ക് സബ്സിഡി നൽകുന്നതിന് ₹ 600000 ചെലവഴിച്ചിട്ടുണ്ട്. ( ബിൽ നം 201501630224000010248/ 11.04.2020 )

സഹായം നൽകിയതിന്റെ വിവരം താഴെ നൽകുന്നു.

| യൂനിറ്റ് | സബ്സിഡി | കുറിപ്പ് |
|---|---|---|
| ഹരിത മൊറയൂർ പ്രൊഡക്ഷൻ യൂനിറ്റ് (വാർഡ് 11 മൊറയൂർ ഗ്രാമപ്പഞ്ചായത്ത്) | 300000 | കേരള ഗ്രാമീൺ ബാങ്ക് മൊറയൂർ ശാഖക്ക് തുക നൽകി.<br>യൂനിറ്റിന് ലോൺ അനുവദിച്ച് ബാങ്ക് പണം നൽകിയതിന്റെ രേഖ, യൂനിറ്റ് പ്രവർത്തനം ആരംഭിച്ചതിന്റെ രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. |
| സന ഗ്രൂപ്പ്സ് സ്വീറ്റ് യൂനിറ്റ് (വാർഡ് 2 പൂക്കോട്ടൂർ ഗ്രാമപ്പഞ്ചായത്ത് ) | 300000 | കനറാ ബാങ്ക് വെള്ളുവമ്പ്രം ശാഖക്ക് തുക നൽകി.<br>യൂനിറ്റിന് ലോൺ അനുവദിച്ച് ബാങ്ക് പണം നൽകിയതിന്റെ രേഖ, യൂനിറ്റ് പ്രവർത്തനം ആരംഭിച്ചതിന്റെ രേഖകൾ എന്നിവ ഫയലിൽ |

| | | |
|---|---|---|
| | | സൂക്ഷിച്ചിട്ടില്ല. |

സബ്ഡിഡി തുക കൈപ്പറ്റിയ ബാങ്കുകൾ ഗുണഭോക്താക്കൾക്ക് ലോൺ നൽകിയത് പരിശോധിക്കുന്നതിനുള്ള രേഖകളും, സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചതിന്റെ രേഖകളും ലഭ്യമാക്കാത്തതിനാൽ ചെലവ് ₹ 600000 തടസ്സം ചെയ്യുന്നു. മേൽ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/30-05-2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-23 ആർട്ട്കോ മുഖേന നടപ്പിലാക്കിയ ബാലമിത്ര പ്രൊജക്റ്റ് നടത്തിപ്പിലെ അപാകതകൾ

CDPO അഡീഷണൽ നിർവഹണോദ്യോഗസ്ഥയായി 2020-21 വർഷത്തിൽ നടപ്പാക്കിയ ബാലമിത്ര പ്രൊജക്ടിൽ (നം.24/21)ഉൾപ്പെടുത്തി പൊൻമള ഗ്രാമപഞ്ചായത്തിലെ നെല്ലോളിപ്പറമ്പ് (സെ.നം.46) അംഗണവാടി,കോഡൂർ ഗ്രാമപഞ്ചായത്തിലെ ആൽപ്പറ്റക്കുളമ്പ് (സെ.നം.72) അംഗണവാടി, പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിലെ മൈലാടി (സെ.നം.65) അംഗണവാടി എന്നിവ ഹൈടെക്ക് ആക്കുന്നതിന് ₹ 11,00,000 ആർട്ട്കോ കോഴിക്കോടിന് നൽകിയിട്ടുണ്ട്.

ബിൽ നം.02/20-21 / 06.01.21 : 10,00,000 (ധ.ക.ഗ്രാന്റ്)

ബിൽ നം.06/20-21 / 06.01.21 : 1,00,000 (വി.ഫണ്ട് ജനറൽ)

ആകെ : 11,00,000

പ്രൊജക്റ്റ് രേഖകൾ പരിശോധിച്ചതിൽ പ്രൊജക്റ്റ് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ചുള്ള സർക്കാർ ഉത്തരവുകൾ ( GO(P) 118/2018/Fin Dt 03.08.2018, GO(P) 77/2019/Fin Dt 04.07.2019 ) അനുസരിച്ച് സർക്കാർ അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ , സാങ്കേതികാനുമതി നൽകൽ എന്നിവ പ്രസ്തുത അക്രഡിറ്റഡ് ഏജൻസിയുടെ ചുമതലയാണ്. കൂടാതെ പ്രവൃത്തി നടത്തുന്ന ഏജൻസികൾ PWD മാന്വലിലെ നിബന്ധനകൾ പാലിക്കുകയും ചെയ്യണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ പ്രൊജക്റ്റ് പ്രകാരം നടപ്പാക്കിയ പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് അക്രഡിറ്റഡ് ഏജൻസി തയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും നല്കിയിട്ടില്ല. പ്രവൃത്തികൾക്ക് ആർട്കോ നിരക്ക് നിശ്ചയിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്നതും വ്യക്തമാക്കിയിട്ടില്ല.

2) മരാമത്ത് പ്രവൃത്തി നടത്തുന്ന കരാറുകാരിൽ നിന്ന് ഈടാക്കേണ്ട സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല.

പ്രവൃത്തിനടത്തുന്നതിന് പണം നൽകിയ ആർട്ട്കോ സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3) പ്രവൃത്തി നടത്തിയതിന്റെ വിവരം ലഭ്യമല്ല.

ആർട്ട്കോ നൽകിയ ഒരു പേജുള്ള ഒരു ബില്ല് അല്ലാതെ പ്രവൃത്തി നടത്തിയതിന്റെ അളവ് രേഖപ്പെടുത്തി ബില്ല് തയ്യാറാക്കിയിട്ടില്ല. നിശ്ചിത ഗുണനിലവാരപ്രകാരം നടത്തിയോ എന്നത് നിർവഹണോദ്യോഗസ്ഥനോ മറ്റ് ഏതെങ്കിലും ക്ഷമതയുള്ള ഉദ്യോഗസ്ഥരോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) ടെണ്ടർ നടപടികൾ പാലിക്കാതെ വാങ്ങൽ നടത്തി.

ആർട്ട്കോ യെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച ധനകാര്യ വകുപ്പിന്റെ ഉത്തരവുപ്രകാരം ഇന്റീരിയർ പ്രവൃത്തികൾ ചെയ്യുന്നതിനാണ് ARTCOയെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടുള്ളത്. ഇലക്ട്രിക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി ARTCO അംഗീകരിക്കപ്പെട്ടിട്ടില്ല. എന്നാൽ TV, AC, തുടങ്ങിയ ഇലക്ട്രിക് ഉപകരണങ്ങളുടെ വാങ്ങലും ബേബി ചെയർ പോലെയുള്ള ഫർണീച്ചറുകളും ഈ പ്രൊജക്റ്റ് പ്രകാരം ARTCO മുഖേന ടെണ്ടർ ഇല്ലാതെ നടത്തി.

5) ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങിയതിന്റെ രേഖകൾ ഇല്ല.

ARTCO ഉത്പാദിപ്പിക്കുന്നതല്ലാത്ത TV, AC ഉടങ്ങിയ ഇലക്ട്രിക് ഉപകരണങ്ങളുടെ വിതരണം നടത്തിയതിന് ഈ പ്രൊജക്റ്റ് പ്രകാരം പണം നൽകിയിട്ടുണ്ട്. എന്നാൽ ഈ ഉപകരണങ്ങൾ വാങ്ങിയതിന്റെ ബില്ല്, ഗ്യാരണ്ടി/ വാറണ്ടി രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമായില്ല. കൂടാതെ ഇവ സ്ഥാപിച്ചതിന്റെയും സ്റ്റോക്കിൽ എടുത്തതിന്റെയും രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6) അംഗണവാടികൾക്ക് ആവശ്യമില്ലാത്ത പ്രവൃത്തി നടപ്പാക്കി പണം പാഴ്ചെലവാക്കി.

പ്രൊജക്റ്റ് പ്രകാരം മേൽ സ്ഥാപനത്തിൽ നടപ്പാക്കിയ പ്രവൃത്തികളിൽ TV , AC, കർട്ടൻ എന്നിവ സ്ഥാപിക്കൽ പ്രവൃത്തികൾ ഒരു അംഗണവാടിക്കും അത്യാവശ്യമല്ലാത്ത പ്രവൃത്തികളാണ്.

7) സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം (പ്രത്യേക സർക്കാർ ഉത്തരവ് ആവശ്യമില്ല) ലംഘിച്ച് AC സ്ഥാപിച്ചു

സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ 12.07.2017 ലെ തീരുമാനം നം.2.9 പ്രകാരം അംഗണവാടികൾ എയർ കണ്ടീഷൻ ചെയ്യാൻ പ്രോജക്റ്റ് എടുക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 3 അംഗണവാടികളിൽ പ്രസ്തുത പ്രോജക്റ്റ് പ്രകാരം AC സ്ഥാപിക്കുന്നതിന് KKD/27.10.2020 കാഷ് ബിൽ പ്രകാരം 107400 രൂപ നൽകിയിട്ടുണ്ട്.

ഇത്തരം പ്രവൃത്തികൾ നടപ്പാക്കിയതിനും സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിനു വിരുദ്ധമായി AC

സ്ഥാപിച്ചതിനും കാരണം വ്യക്തമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.15 /28.05.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.AC സ്ഥാപിച്ചതിനും മറ്റ് അപാകതകൾ സംബന്ധിച്ചും അനുമതി പത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 11,00,000 രൂപ തടസ്സം ചെയ്യുന്നു.

### 1-24 മരുന്ന് വാങ്ങി നൽകൽ -അപാകതകൾ

പ്രോജക്റ്റ് : 131/21,കിഡ്നി, ലിവർ മാറ്റി വെച്ചവർക്കും കാൻസർ രോഗികൾക്കും ഡയാലിസിസ്

ചെയ്യുന്നവർക്കും മരുന്ന് വാങ്ങി നൽകൽ

ബിൽ നമ്പർ : 601174286/01.3.21 : 10,00,000/- (CFC ഗ്രാന്റ്)

കെ.എം.എസ്.സി.എൽ ന്റെ PRF 5683/23.02.21 പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 10 ലക്ഷം രൂപ ടി.ബിൽ പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്. 5732/31.8.21 മുതൽ 1282/29.4.22 വരെയുള്ള 8 ഇൻവോയ്സുകൾ പ്രകാരം 914983 രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്. 85,017 രൂപയുടെ മരുന്ന് കൂടി ലഭിക്കാനുണ്ട്.

ലഭ്യമായ മരുന്നുകൾ രോഗികൾക്ക് വിതരണം നടത്തിയതിന്റെ/ പ്രയോജനപ്പെടുത്തിയതിന്റെ രേഖകൾ ഫയലിൽ ചേർത്തുവെച്ചതായി കാണുന്നില്ല. പിഎച്ച്സികൾ സമർപ്പിച്ച മരുന്നുകളുടെ ലിസ്റ്റ് ചേർത്തു വെച്ചിട്ടുണ്ടെങ്കിലും രോഗികളുടെ വിവരവും ഓരോ രോഗിക്കും ആവശ്യമായ മരുന്നുകളുടെ വിവരവും അടങ്ങിയ രേഖകൾ ചേർത്തുവെച്ചിട്ടില്ല.

ഓരോ രോഗിക്കും ആവശ്യമായ മരുന്നുകളുടെ വിവരവും ലഭ്യമായ മരുന്നുകൾ രോഗികൾ കൈപ്പറ്റിയ രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.11 /26.05.2022)യെ തുടർന്ന് സി.എച്ച്.സി പൂക്കോട്ടൂരിൽ മരുന്ന് നൽകിയതിന്റെ രേഖകൾ ഹാജരാക്കി.

മുഴുവൻ രോഗികളുടെ വിവരവും ഓരോ രോഗിക്കും ആവശ്യമായ മരുന്നുകളുടെ വിവരവും അടങ്ങിയ പൂർണ്ണ വിവരവും പി.എച്ച്.സികൾ മുഖേന മരുന്ന് വിതരണം നടത്തിയ വിവരവും പ്രൊജക്റ്റ് ഫയലിൽ ചേർത്ത് വയ്ക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 23.05.2022 മുതൽ 24.05.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 98000 | 3/21,ലൈഫ് ജനറൽ | 98000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

### 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 40 | 2001-02 | V.10.1(1) | വാട്ടർ ഫിൽട്ടർ സ്ഥാപിക്കൽ | നടപടികൾ തുടരുന്നു |
| 2013-14 | 3(1) | 2014-15 | 4-1-5 | നിഷ്ക്രിയ ആസ്തികളുടെ അവലോകനം | നടപടികൾ തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2004-05 | 2-4, 2-5 | ശ്രീ. സി.പി സുകുമാരൻ, | LF19445/spl.cell /SC5/09 /28-06-10 | 36547/- | -- | -- | -- | -- | -- | 36547/- |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2000-01 | 2-13 | ശ്രീ. പി.കെ മോയിൻകുട്ടി, സെക്രട്ടറി, ഗ്രാമവികസന വകുപ്പ്. | LF17165/spl.cell /SC-5/08 /21-06-10 | 20956/- | -- | -- | -- | -- | -_ | 20956/- |
| 2 | 2000-01 | 2-22 | ശ്രീ. ജി ബാബുകുമാർ, സെക്രട്ടറി, ഗ്രാമവികസന വകുപ്പ്. | LF17165/spl.cell /SC-5/08 /21-06-10 | 38218/- | -- | -- | -- | -- | -- | 38218/- |
| 3 | 1997-98 | 27,28,29,30,31 | ശ്രീ.ടി. സന്തോഷ് | LF/8597/ Spl.cell/SC-3/01/3-3-2003 | 12633/- | -- | -- | -- | -- | -- | 12633/- |

തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74925342 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70288315 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9083062 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

1

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 1721774 | ശ്രീമതി.നിർമ്മല.ടി,സെക്രട്ടറി |
| 1-13 | 3717314 | ശ്രീമതി.നിർമ്മല.ടി,സെക്രട്ടറി |
| 1-18 | 1393567 | ശ്രീ.അനിൽ ദാസ്.കെ.ടി, അസി.എക്സി.എഞ്ചിനീയർ |
| 1-20 | 550407 | ശ്രീമതി.മിനി ചിത്രംപള്ളി, എസ്.സി.ഡി.ഒ |
| 1-22 | 600000 | ശ്രീമതി.സുബൈദ, ഐ.ഇ.ഒ |
| 1-23 | 1100000 | ശ്രീമതി.മേരിജോൺ, സി.ഡി.പി.ഒ |
| ആകെ | 9083062 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | 2000-01 | എൽ.എഫ്.എം.4/1078/12 തി.15.06.2012 | 21 | |
| 2 | 2001-02 | എൽ.എഫ്.എം.4/3285/14(2) തി.31.12.2014 | 1 | |
| 3 | 2002-03 | കെ.എസ്.എ.എം.പി.എം.4/3287/2014 തി.26.04.2017 | 3 | |
| 4 | 2003-04 | എൽ.എഫ്.എം.4/3285/14(4) തി.31.12.2014 | 7 | |
| 5 | 2004-05 (ചെലവ്) | എൽ.എഫ്.എം.4/3285/14(5) തി.31.12.2014 | 3 | |
| 6 | 2005-06 (ചെലവ്) | എൽ.എഫ്.എം.4/3285/14(6) തി.31.12.2014 | 24 | |
| 7 | 2006-07 (ചെലവ്) | എൽ.എഫ്.എം.4/3285/14(7) തി.31.12.2014 | 17 | |
| 8 | 2007-08 (ചെലവ്) | എൽ.എഫ്.എം.4/3285/14(8) തി.31.12.2014 | 24 | |
| 9 | 2008-09 | എൽ.എഫ്.എം.4/3285/14(9) തി.31.12.2014 | 15 | |
| 10 | 2009-10 | എൽ.എഫ്.എം.4/3285/14(10) തി.31.12.2014 | 10 | |
| 11 | 2010-11 | എൽ.എഫ്.എം.4/3285/14(11) തി.31.12.2014 | 12 | |
| 12 | 2011-12 | എൽ.എഫ്.എം.4/3285/14 തി.25.04.2018 | 7 | |

| | | | | |
|---|---|---|---|---|
| 13 | 2012-13 | എൽ.എഫ്.എം.4/1127/14 തി.29.01.2016 | 3 | |
| 14 | 2013-14 | എൽ.എഫ്.എം.4/3311/14 തി.09.01.2015/24.01.2015 | 5 | |
| 15 | 2014-15 | എൽ.എഫ്.എം.4/2506/15 തി.18.04.2018 | 1 | |
| 16 | 2015-16 | നം.കെ.എസ്.എ.എം.പി.എം4/2841/2018 തി.14.06.2019 | 9 | |
| 17 | 2016-17 | കെ.എസ്.എ.എം.പി.എം4/159/2019 തി.01.06.2019 | 10 | |
| 18 | 2017-18 | കെ.എസ്.എ.എം.പി.എം4/1894/2021 തി.09-02-2022 | 5 | |
| 19 | 2018-19 | കെ.എസ്.എ.എം.പി.എം4/1895/2021 തി.09-02-2022 | 6 | |
| 20 | 2019-20 | കെ.എസ്.എ.എം.പി.എം4/1895/2021 തി. | 19 | |

കുറിപ്പ്: 1999-2000 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശക്തമായ ഇടപെടലുകളും തീരുമാനങ്ങളും ത്വരിതപ്പെടുത്തി പരാമർശങ്ങൾക്ക് തീർപ്പ് കൽപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.6/2022

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്